ഇലക്ട്രോണിക് സർവ്വീസ് ഡെലിവറി

188 (4770) ശ്രീ. കെ. അച്ചുതൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളിൽ ഇലക്ട്രോണിക് സർവ്വീസ് ഡെലിവറി ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ജനങ്ങൾക്ക് ലഭിക്കുന്നത് ;

(ഡി) ഇതിനായി ഐ.ടി. മിഷൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ പദ്ധതിയായ സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേയിലൂടെ സർക്കാർ വകുപ്പുകളിൽ ഇലക്ട്രോണിക്സ് സർവീസ് ഡെലിവറി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവിധ ഗവൺമെന്റ് വകുപ്പുകൾ നല്കുന്ന എല്ലാ സേവനങ്ങളും ഒരു പോർട്ടലിൽ കൂടി ലഭ്യമാക്കുക എന്ന ആശയം മുൻനിർത്തിയാണ് സ്റ്റേറ്റ് സർവീസ് ഡെലിവലി ഗേറ്റ്വേ എന്ന പ്രോജക്ട് വികസിപ്പിച്ചെടുത്തത്. പൊതുവായ സേവന ലഭ്യതാ സംവിധാനത്തിലൂടെ ഇത് സാധ്യമാക്കുകയും കാര്യക്ഷമത, സുതാര്യത, വിശ്വസ്തത എന്നിവ ഉറപ്പുവരുത്തുകയും ചെയ്യും. സാധാരണക്കാരന് അവന്റെ ആവശ്യങ്ങൾ ചുരുങ്ങിയ ചെലവിൽ ഇത്തരം സേവനങ്ങളിൽ നിന്ന് ലഭ്യമാക്കുകയും ചെയ്യും. മേൽപ്പറഞ്ഞ സംവിധാനം വികസിപ്പിക്കുന്നതിലൂടെ ഒരു സാധാരണ പൗരന് രാജ്യത്ത് എവിടെ നിന്നും ആവശ്യമായ അപേക്ഷാ ഫോറങ്ങൾ ഡൗൺ ലോഡ് ചെയ്തെടുക്കാനും അപേക്ഷകൾ സമർപ്പിക്കാനുമുള്ള സൗകര്യം ഉണ്ടാകും.

(സി) കേരള വാട്ടർ അതോറിറ്റിയിൽ പുതിയ വാട്ടർ കണക്ഷന് വേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്നതിനും, വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ വകുപ്പിൽ മൈഗ്രേഷൻ സർട്ടിഫിക്കറ്റ്, തുല്യത സർട്ടിഫിക്കറ്റ്, ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനും ഗ്രാമവികസന വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിക്കുള്ള അപേക്ഷ, ഇന്ദിര ആവാസ് യോജന പദ്ധതിക്കുള്ള അപേക്ഷ എന്നിവ സമർപ്പിക്കുക എന്നീ സേവനങ്ങൾ ഇപ്പോൾ ലഭ്യമാണ്.

(ഡി) വിവിധ സർക്കാർ വകുപ്പുകളും സി-ഡിറ്റ്, സി-ഡാക്, എൻ.ഐ.സി. എന്നിവയുടെ പ്രതിനിധികളുമായി ചർച്ചകൾ നടത്തുകയും വിവിധ വകുപ്പുകളുടെ സോഫ്റ്റ്വെയർ ആപ്ലിക്കേഷനുകളുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly